പുതിയ ഡാം പണിയുന്നതിലേക്കാവശ്യമായ സ്ഥലം അനുവദിച്ച് തരുന്നതിനായി ലൊക്കേഷൻ പ്ലാനോടുകൂടി വനം അധികാരിക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പുതിയ ഡാമിന്റെ അലൈൻമെന്റിൽ (പഴയ ഡാമിൽ നിന്നും 366 മീറ്റർ താഴെയായി) പാറയുടെ ഉറപ്പ്, ഘടന എന്നിവ കണ്ടെത്തുന്നതിനായി 5 ബോർഹോളുകൾ എടുക്കുകയും സാമ്പിൾ പരിശോധിക്കുകയും ചെയ്തു. എൽ.ബി.എസ് & ജി.എസ്.ഐ. യുടെ പ്രാഥമിക റിപ്പോർട്ട് അനുസരിച്ച് ഇവിടത്തെ പാറയുടെ ഉറപ്പ് തൃപ്തികരമെന്ന് കണ്ടെത്തിയിട്ടുണ്ട്. റോക്ക് സാമ്പിൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തിലും പരിശോധിക്കുകയുണ്ടായി.

ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പഠനം നടത്തുന്നതിലേക്കായി 10 അധിക ബോർഹോളുകൾ കൂടുതൽ ആഴത്തിൽ പ്രസ്തുത അലൈൻമെന്റിൽ തന്നെ കുഴിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഇൻസ്പെക്ഷൻ കഴിഞ്ഞ സാമ്പിൽ ടെസ്റ്റ് ചെയ്തതിനുശേഷം മാത്രമേ പഠന റിപ്പോർട്ട് (ജിയോളജിക്കൽ) നൽകുകയുള്ളു. കൂടാതെ, പെർമിയബിളിറ്റി ടെസ്റ്റ് കഴിഞ്ഞാലേ ഫൗണ്ടേഷൻ ഗ്രൗട്ട് ചെയ്യണോ വേണ്ടയോ എന്ന് തീരുമാനിക്കാൻ പറ്റൂ.

(സി) പുതിയ ഡാമിന്റെ സാദ്ധ്യതാ പഠനം (ജിയോളജിക്കൽ) നടത്തുന്നതിന് ജി.എസ്.ഐ.-യെ ആണ് ഏൽപ്പിച്ചിരിക്കുന്നത്. ജി.എസ്.ഐ.ആണ് ആധികാരികമായി പ്രസ്തുത പഠനം നടത്തുന്നത്. 5 ബോർഹോളുകൾ എടുക്കുന്നതിനും സാമ്പിൾ പരിശോധിക്കുന്നതിനും എൽ.ബി.എസ്സിനെയാണ് ഏൽപ്പിച്ചത്. കൂടാതെ കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരംവഴിയും റോക്ക്സാമ്പിൾ പരിശോധിക്കുകയുണ്ടായി.

(ഡി) പുതിയ ഡാം നിർമ്മിക്കുന്നതിന്റെ ഭാഗമായി പഴയ ഡാമിന്റെയും പുതിയ ഡാമിന്റെയും ഡാംബ്രോക്ക് അനാലിസിസ് നടത്തേണ്ടതായിട്ടുണ്ട്. കൂടാതെ സ്പിൽവേ വരുന്ന സ്ഥലത്ത് ഇനിയും ബോർഹോൾ എടുക്കേണ്ടതായിട്ടുണ്ട്. ഒരു മോഡൽ സ്റ്റഡിയും ആവശ്യമായി വരും.

(ഇ) ഇത്തരം പഠനങ്ങൾ ഡാമിന്റെ രൂപകൽപ്പനയ്ക്ക് തീർപ്പുണ്ടായതിനുശേഷം തുടർന്ന് കേന്ദ്ര ഗവൺമെന്റിന് അംഗീകാരത്തിനുശേഷമേ നടത്താൻ സാധിക്കുകയുള്ളു.

മുവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി

22 (2120) ശ്രീ. എം. ജെ. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മുവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതിയിൽ (എം.വി.ഐ.പി.) പിറവം ബ്രാഞ്ച് കനാലിന്റെ പണികൾ ഇപ്പോൾ ഏതവസ്ഥയിലാണെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കനാലിന്റെ പണികൾ ഇത്രയും നീണ്ടുപോകുവാൻ ഇടയായ സാഹചര്യം എന്താണെന്നു വ്യക്തമാക്കുമോ ;

(സി) വർഷങ്ങൾക്കു മുമ്പ് പണിതീർത്ത ഭാഗത്തു മരങ്ങൾ മുളച്ചും മണ്ണിടിഞ്ഞും കിടക്കുന്ന ഭാഗങ്ങൾ വെടിപ്പാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) കനാൽ ബണ്ട് റോഡുകൾ സഞ്ചാരയോഗ്യമാക്കുവാൻ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിറവം ബ്രാഞ്ച് കനാലിന്റെ പണികൾ ഏകദേശം 95% പൂർത്തിയായി.

(ബി) വിജിലൻസ് കേസ് സംബന്ധിച്ച അന്വേഷണം പൂർത്തിയാകാത്തതാണ് പണികൾ തീർക്കുവാൻ ഉണ്ടായ കാലതാമസത്തിനുകാരണം.

(സി) പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാത്ത സാഹചര്യത്തിൽ അറ്റകുറ്റപ്പണികൾ തീർക്കുവാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(ഡി) പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക് ബണ്ട് റോഡുകൾ സഞ്ചാരയോഗ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ബണ്ട് റോഡുകൾക്ക് ടാറിംഗ് വ്യവസ്ഥ ഇല്ലാത്തതിനാൽ മെറ്റലിംഗ് വരെയുള്ള പണികൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

വാഴൂർ നിയോജകമണ്ഡലത്തിലെ വെള്ളപ്പൊക്ക കെടുതികൾ

23 (2121) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴൂർ നിയോജകമണ്ഡലത്തിലെ വാകത്താനം, കറുകച്ചാൽ, നെടുങ്കുന്നം, കങ്ങഴ, വാഴൂർ എന്നീ പഞ്ചായത്തുകളിൽ ഇക്കഴിഞ്ഞ വനംബർ മാസം ഉണ്ടായ വെള്ളപ്പൊക്ക കെടുതിയിൽ സംഭവിച്ച നാശനഷ്ടങ്ങളുടെ സ്ഥിതിവിവരക്കണക്ക് ശേഖരിച്ചിട്ടുണ്ടോ ;

(ബി) മേൽ പ്രസ്താവിച്ച പഞ്ചായത്തുകളിൽ ഇറിഗേഷൻ വകുപ്പിൽ നിന്നും തോടുകളുടെ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനും മറ്റ് ഇതര പ്രവൃത്തികൾ ആരംഭിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. വാഴൂർ നിയോജകമണ്ഡലത്തിലെ കങ്ങഴ, വാഴൂർ, നെടുംകുന്നം, കറുകച്ചാൽ, വാകത്താനം, തോട്ടക്കാട് പഞ്ചായത്തുകളിലായി 41,68,400 രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ബി) മേൽ പ്രസ്താവിച്ച പഞ്ചായത്തുകളിൽ അത്യാവശ്യം വേണ്ടുന്ന അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെയ്യുന്നതിനുള്ള നടപടികൾ ജലസേചന വിഭാഗം സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly